29

# സ്നേഹവും, കണ്ണുനീരും, പാപക്ഷമാപണവും

## ലൂക്കൊസ് 7:36- 50, ഒരടുത്ത നോട്ടം

യേശു മറ്റുള്ളവരുമൊത്ത് ഭക്ഷണം കഴിപ്പാൻ ഇഷ്ടപ്പെട്ടിരുന്നു. അവൻ തന്റെ ശിഷ്യന്മാരുമൊത്ത് ഭക്ഷണം കഴിച്ചിരുന്നു (മർക്കൊസ് 14:14; ലൂക്കൊസ് 22:15). അവൻ തന്റെ സ്നേഹിതരുമായി ഭക്ഷണം കഴിച്ചിരുന്നു (ലൂക്കൊസ് 10:38–42; യോഹന്നാൻ 12:1, 2). അവൻ ചുങ്കക്കാരും പാപികളുമൊത്ത് ഭക്ഷിച്ചിരുന്നു (ലൂക്കൊസ് 5:29, 30). അവൻ പരീശന്മാരുമൊത്തുപോലും ഭക്ഷിച്ചിരുന്നു (ലൂക്കൊസ് 11:37–54; 14:1–6). നമുക്കറിയാവുന്നിടത്തോളം, ഒരു ക്ഷണവും അവൻ ഒരിക്കലും നിരാകരിച്ചില്ല.[1]

ലൂക്കൊസ് 7:36–50 പറയുന്നതു ഒരു പരീശൻ ആദ്യമായി യേശുവിനെ വിരുന്നിനു ക്ഷണിച്ചതിനെ കുറിച്ചാണ്. സംഭവങ്ങളുടെ അതിശയിപ്പിക്കുന്ന രീതി സ്നേഹത്തെ കുറിച്ചും പാപക്ഷമാപണത്തെ കുറിച്ചും ഉള്ള യേശുവിന്റെ ഏറ്റവും സ്പർശിക്കുന്ന ഒരു സന്ദേശത്തിനുള്ള കാരണമായി മാറി.

### ശ്രദ്ധേയമായ ഒരു അപേക്ഷ (വാ. 36)

സംഭവം തുടങ്ങുന്നത്, "പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു" (വാ. 36) എന്നു പറഞ്ഞുകൊണ്ടാണ്. ആ പരീശന്റെ പേർ ശിമോൻ എന്നായിരുന്നു (വാ. 40, 43, 44). മൂല ഭാഷയിൽ, ആ വാക്ക് തർജ്ജിമ ചെയ്തത് "അപേക്ഷിക്കുകയായിരുന്നു" എന്നത് അത്യാവശ്യത്തെ സൂചിപ്പിക്കുന്നു. ശിമോൻ യേശുവിനെ (വാ. 39) വീണ്ടും വീണ്ടും ക്ഷണം സ്വീകരിക്കുന്നതുവരെ ക്ഷണിച്ചു.

ക്രിസ്തു തന്നോടുകൂടെ ഭക്ഷിക്കണമെന്നു ശിമോൻ ആഗ്രഹിക്കുവാൻ കാരണം എന്തായിരുന്നു? പല കാരണങ്ങളും പറയപ്പെട്ടിട്ടുണ്ട്.

ഒരുപക്ഷെ ആ പരീശൻ യേശുവിനെ ഇഷ്ടപ്പെട്ടു കാണും. എല്ലാ പരീശന്മാരും ക്രിസ്തുവിനെ വെറുത്തിരുന്നില്ല (യോഹന്നാൻ 7:45–52; ലൂക്കൊസ് 13:31). ഒരു നിയമമായി, നാം ആളുകളെ വീടുകളിലേക്കു ക്ഷണിക്കുന്നത് നാം അവരുടെ സൗഹൃദം ഇഷ്ടപ്പെടുന്നതു കൊണ്ടാണ്. എങ്ങനെയായാലും, തുടർന്നു നടന്ന സംഭവങ്ങളുടെ കാഴ് ച്ചപ്പാടിൽ, ശീമോന്റെ ഉദ്ദേശം അതായിരുന്നില്ല എന്നു കാണാം.

അവന്റെ ഉദ്ദേശം മറ്റു പരീശന്മാരുടേതായിരുന്നേക്കാം: ഒരുപക്ഷെ അവൻ യേശുവിനെ കുടുക്കുവാൻ അല്ലെങ്കിൽ അവനെ കുറ്റപ്പെടുത്തേണ്ടതിന്

എന്തെങ്കിലും തെറ്റ് കണ്ടുപിടിക്കുവാൻ ശ്രമിച്ചിരുന്നു. അതിനു സാദ്ധ്യത യുണ്ട്, എന്നാൽ ക്രിസ്തുവിനെ കുഴപ്പത്തിലാക്കുവാൻ ശിമോൻ മനപ്പൂർവ്വം ശ്രമിച്ചതായി വിവരണത്തിൽ ഒരു സൂചനയുമില്ല.

ശിമോന്റെ ലക്ഷ്യം മുൻപറഞ്ഞ രണ്ടിന്റേയും മദ്ധ്യേ ആണെന്നു തോന്നുന്നു. കർത്താവിനെ കുറിച്ച് അവന്റെ സഹ പരീശന്മാർ പറഞ്ഞിരുന്നത് തീർച്ചയായും അവൻ കേട്ടിരിക്കാം. അതേ സമയം, ക്രിസ്തുവിനെ കുറിച്ചുള്ള പൊതുവായ അഭിപ്രായവും അവൻ അറിഞ്ഞിരിക്കാം. ഇതിനു തൊട്ടുമുൻപ്, യേശു നയിനിൽ ആയിരുന്നു, അവിടെ ജനങ്ങൾ അവനെ പുകഴ്ത്തുകയുണ്ടായി, "നമ്മുടെ ഇടയിൽ ഒരു വലിയ പ്രവാചകൻ എഴുന്നേറ്റിരിക്കുന്നു!" (ലൂക്കൊസ് 7:16).[2] "ഈ മനുഷ്യൻ, വാസ്തവത്തിൽ ആരാണ്?" എന്നതാണെന്നു തോന്നുന്നു ശിമോന്റെ മനസ്സിലെ ചോദ്യം.

ക്ഷണിക്കുവാനുള്ള മറ്റു കാരണങ്ങൾ പറഞ്ഞുകഴിഞ്ഞു,[3] എന്നാൽ ശിമോന്റെ ഉദ്ദേശം എന്തുതന്നെ ആയാലും, യേശു അത് അറിഞ്ഞിരുന്നു (യോഹന്നാൻ 2:25). ഇത് മറ്റൊരു ചോദ്യത്തിലേക്കു നമ്മെ നയിക്കുന്നു: തീർച്ചയില്ലാത്ത അത്തരം ക്ഷണം ക്രിസ്തു സ്വീകരിച്ചതെന്തിന്? വീണ്ടും, പല സാധ്യതകളും മനസ്സിലേക്കു വരുന്നു.

താൻ ആരായിരുന്നു എന്നതിനെ കുറിച്ച് ശിമോന് തീർച്ച ഇല്ല എന്ന കാര്യം യേശു തീർച്ചയായും അറിഞ്ഞിരുന്നു. അതുകൊണ്ട് ശിമോനെ സഹായിക്കുവാനായിരിക്കാം അവൻ പോയത്. മറ്റുള്ളവരും വിരുന്നിന് വന്നിരുന്നു (ലൂക്കൊസ് 7:49 നോക്കുക); ഒരുപക്ഷെ ക്രിസ്തു അവരെ ഉപദേശിക്കാൻ പോയിരിക്കാം. കൂടാതെ, ആ വിരുന്നിനിടയിൽ[4] സംഭവിക്കുവാൻ പോകുന്നതും യേശുവിന് അറിയാമായിരുന്നു; "പാർട്ടി അലങ്കോലപ്പെടുത്തുന്ന" സ്ത്രീയെ പ്രബോധിപ്പിക്കുന്നതിന് ആയിരിക്കാം അവൻ പോയത്. അവസാനം, മുൻപ് കണ്ടതുപോലെ, യേശു ആളുകളുമായി സംസാരിക്കുന്നതിനും, ഭക്ഷിക്കുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും, ഇഷ്ടപ്പെട്ടിരുന്നു – എല്ലാ തരത്തിലുള്ള ആളുകളുമായി, തന്നോടു എതിർത്ത ആളുകളും അതിൽപ്പെടും. അവരുടെ ശത്രുക്കളെ സ്നേഹിപ്പാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 5:44); ചിലപ്പോൾ അത്തരം സ്നേഹം പ്രായോഗികമായി പ്രകടിപ്പിക്കുകയായിരുന്നു അവൻ.

യേശു എന്തുകൊണ്ട് ശിമോന്റെ വീട്ടിലേക്കുപോയി എന്നതിന്റെ കൃത്യമായ ഉത്തരം ഒരുപക്ഷെ "മുകളിൽ പറഞ്ഞവ എല്ലാം" ആയിരിക്കാം. പ്രധാന വസ്തുത യേശു ആ ക്ഷണം സ്വീക*രിച്ചു* എന്നും – അവൻ ആ പരീശനോടുകൂടെ ഭക്ഷിപ്പാൻ പോയി എന്നുമാണ്.

### ആതിഥ്യവിമുഖനായ ഒരു വ്യക്തി
### (വാ. 36, 44-46)

വാക്യം 36–ന്റെ അവസാനം പറയുന്നു, "അവൻ പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണത്തിനിരുന്നു." യേശു അവന്റെ വീട്ടിൽ ചെന്നതിനും ഭക്ഷണത്തിനിരുന്നതിനുമിടയിൽ വളരെ കാര്യങ്ങൾ നടന്നതായി (അല്ലെങ്കിൽ, മറിച്ച്, നടക്കാതി*രുന്നതും*) നാം പിന്നീട് പഠിക്കും.

അക്കാലത്ത്, വീട്ടിൽ വരുന്ന അതിഥിയോടു ചില മര്യാദകൾ ഉണ്ടായിരുന്നതായി സാമൂഹ്യ ആചാരങ്ങൾ പറയുന്നു. ആദ്യം, ആതിഥേയൻ അതിഥിയെ ചുംബനത്താൽ സ്വീകരിക്കുന്നു (ഉൽപത്തി 29:13; 45:15; 2 ശമുവേൽ

15:5; 19:39; മത്തായി 26:49; പ്രവൃത്തികൾ 20:37; റോമർ 16:16). സാധാരണ, ചുംബിച്ചിരുന്നതു കവിളിലായിരുന്നു.

പിന്നെ ആരെങ്കിലും ഒരു പാത്രത്തിൽ വെള്ളവും ഒരു തുവർത്തും അതിഥിക്ക് കാൽ കഴുകുന്നതിനു കൊണ്ടുവന്ന് കൊടുക്കും (ഉൽപത്തി 18:4; ന്യായാധിപന്മാർ 19:21; യോഹന്നാൻ 13:4, 5; 1 തിമൊഥെയൊസ് 5:10). ഈ താഴ്മയോടെയുള്ള പ്രവൃത്തി പലപ്പോഴും ദാസന്മാരാണ് ചെയ്തിരുന്നത്. ആ നടപടി പ്രായോഗികമായിരുന്നു, കാരണം അഴുക്കുള്ള പാതയിൽകൂടെ ആളുകൾ ചെരിപ്പിട്ടാണ് നടന്നിരുന്നത്. ആ ആചാരം സന്ദർശകനു ആശ്വാസം നൽകുന്നതും വീട്ടുകാരുടെ തറയും ഇരിപ്പിടങ്ങളും അഴുക്ക് പറ്റാതെ സംരക്ഷിക്കുന്നതുമായിരുന്നു.

അന്നു നിലവിലുണ്ടായിരുന്ന മൂന്നാമത്തെ ആചാരം, സാധാരണമല്ലായിരുന്നു എങ്കിലും, പലപ്പോഴും അതു വളരെ ബഹുമാനിക്കപ്പെടുന്ന ഒരു അതിഥിക്കുള്ളതായിരുന്നു: തലയിലും/അല്ലെങ്കിൽ മുഖത്തും എണ്ണയോ തൈലമോ പൂശുന്നത് (നോക്കുക സങ്കീർത്തനങ്ങൾ 45:7; 92:10; 104:15; 141:5; സഭാപ്രസംഗി 9:8; ആമോസ് 6:6). സൂര്യോഷ്ണത്തിൽ മണിക്കൂറുകൾ ചില വഴിച്ചശേഷമായിരിക്കും സന്ദർശകൻ എത്തുന്നത്, അതുകൊണ്ട് ആ ദയയോടെയുള്ള പ്രവർത്തി അതിഥിക്ക് സ്വീകാര്യവും പുതുമനൽകുന്നതുമായിരുന്നു.

യേശു ശിമോന്റെ വീട്ടിൽ ചെന്നപ്പോൾ, അവനു അവയിൽ ഒന്നുപോലും ലഭിച്ചില്ല. അവൻ തന്റെ ആതിഥേയനോട് പിന്നെ പറഞ്ഞു, "ഞാൻ നിന്റെ വീട്ടിൽ വന്നു; നീ എന്റെ കാലിന്നു വെള്ളം തന്നില്ല.... നീ എനിക്ക് ചുംബനം തന്നില്ല.... നീ എന്റെ തലയിൽ തൈലം പൂശിയില്ല ..." (വാ. 44–46). മറ്റുള്ള അതിഥികളെയും (വാ. 49) അവഗണിച്ചതായി സൂചനയില്ല. യേശുവിനു മാത്രമേ ഈ മൂന്നു വിധത്തിലുള്ള പരിഹാസം ലഭിച്ചുള്ളൂ എന്നു 44 മുതൽ 46 വരെയുള്ള വാക്യങ്ങളിൽ "എന്റെ" എന്നും "ഞാൻ" എന്നുമുള്ള വാക്കുകൾ അന്തർലീനമാക്കുന്നു.

ഒരു നിമിഷം, യേശുവിന്റെ സ്ഥാനത്ത് നിങ്ങളെ ഒന്ന് ഓർത്തു നോക്കുക. ശിമോന്റെ വീട്ടിലെ വിരുന്നിനു നിങ്ങളെ ക്ഷണിച്ചിരിക്കുന്നു. വാസ്തവത്തിൽ, നിങ്ങളെ ആവർത്തിച്ച് ആവർത്തിച്ച് ക്ഷണിച്ചിട്ടായിരിക്കാം അവസാനം നിങ്ങളുടെ സമയമനുസരിച്ച് ചെല്ലാമെന്ന് സമ്മതിച്ചത്. എങ്ങനെയായാലും, നിങ്ങൾ അവന്റെ വീട്ടിൽ ചെന്നപ്പോൾ, അവൻ നിങ്ങളോട് അലക്ഷ്യമായി പെരുമാറുന്നു. എന്നാൽ മറ്റു അതിഥികളോട് അവൻ താല്പര്യത്തോടെ കൈ തോളിൽ തട്ടി, ഊഷ്മളമായി സ്വാഗതം ചെയ്യുകയും അവരെ ചുംബിക്കുകയും കാൽകഴുകുന്നതെവിടെയാണെന്നും, തലയിൽ എണ്ണ പൂശുന്നതെവിടെ എന്നും ചൂണ്ടിക്കാണിക്കുന്നു. അപ്പോഴൊക്കെ, നിങ്ങൾ ഒരു വശത്ത്, അവഗണിക്കപ്പെട്ട്, ഭക്ഷണ സമയംവരെ കാത്തുനിൽക്കുന്നു. ഒരുപക്ഷെ നിങ്ങളോടു വിശ്രമിക്കേണ്ട സ്ഥലം പറഞ്ഞിരിക്കാം – അല്ലെങ്കിൽ ഇല്ലായിരിക്കാം. ചിലപ്പോൾ എല്ലാവർക്കും ഇരിപ്പിടം ലഭിക്കുന്നതുവരെ കാത്തുനിൽക്കേണ്ടിവന്ന്, പിന്നെ അവശേഷിക്കുന്ന സീറ്റ് എടുത്തിരിക്കാം.

ശത്രുതയുള്ള വ്യക്തികൾക്കുചുറ്റും നിങ്ങൾ എപ്പോഴെങ്കിലും ആയിരുന്നിട്ടുണ്ടോ, അല്ലെങ്കിൽ ആളുകൾ അനുകമ്പ ഇല്ലാതെ സൗഹൃദം ഇല്ലാതെ പെരുമാറുന്നവർക്കിടയിൽ ആയിരുന്നിട്ടുണ്ടോ? മറ്റെവിടെയെങ്കിലും – വേറെ

എവിടെയെങ്കിലും ആയിരുന്നെങ്കിൽ എന്ന് നിങ്ങൾ എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? അത്തരം ആശ്വാസകരമല്ലാത്ത അനുഭവങ്ങൾ ഓർമ്മിക്കാൻ[5] കഴിയാത്തത്ര കൂടുതൽ പ്രാവശ്യം എനിക്ക് ഉണ്ടായിട്ടുണ്ട്. യേശുവിന് അതേ വികാരമാണോ ശിമോന്റെ വീട്ടിൽവെച്ച് ഉണ്ടായത്? അങ്ങനെയാണെങ്കിൽ, താൻ അവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശത്തിൽ നിന്ന് തന്നെ വ്യതിചലിപ്പിക്കുവാൻ അവൻ അതിനെ അനുവദിച്ചില്ല.

## വിലപിക്കുന്ന ഒരു സ്ത്രീ
### (വാ. 36-39; 44-46)

ആ സംഭവം നാം തുടരുന്നതിനുമുൻപ്, ചില വിശദാംശങ്ങൾ ആവശ്യമാണ്. യേശു "ഭക്ഷണത്തിനിരുന്നു" എന്ന പ്രസ്താവനയുടെ അർത്ഥം എന്താണ് (വാ. 36)? ക്ഷണിക്കപ്പെടാത്ത അതിഥിയായ അവൾക്ക് വിരുന്നിലേക്ക് എല്ലാവരും കാൺകെ പ്രയാസമില്ലാതെ വരുവാൻ എങ്ങനെ സാധിച്ചു (വാ. 37)? അവൾ വന്നപ്പോൾ, യേശുവിന്റെ തലയിൽ എണ്ണ പൂശുന്നതിനു പകരം എന്തുകൊണ്ട് അവൾ കാലിൽ പൂശി (വാ. 38)? നാം ആ രംഗം പരിശോധിക്കണം.

ആദ്യം, നിങ്ങൾ മേശയ്ക്കുചുറ്റുമുള്ള അതിഥികളെ മനസ്സിൽ കാണുക. ഒരാളുടെ ഇടതുവശത്തേക്കു ചാരി, ഇടതു മുട്ട് ഊന്നിയാണ് സാധാരണ ഭക്ഷണത്തിനിരിക്കുന്നത്. അങ്ങനെ വലതുകൈ കൊണ്ട് ആഹാരം എടുത്ത് ഭക്ഷിക്കാം. തല ഭക്ഷണത്തിലേക്ക് കുനിഞ്ഞിരിക്കും, എന്നാൽ കാല് അകന്നിരിക്കും. രണ്ടു വിശദീകരണങ്ങൾ കൂടെ പറയണം: ചെരുപ്പുകൾ വാതിൽക്കൽ വെച്ചതിനാൽ, കാലുകൾ നഗ്നമായിരുന്നു, കൂടാതെ പുരുഷന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഭക്ഷണം വിളമ്പുവാനോ അതിഥികളെ സ്വീകരിക്കുവാനോ[6] മാത്രമായിരുന്നു സ്ത്രീകളെ അനുവദിച്ചിരുന്നത്.

അടുത്തത്, പൂർവ്വദിക്കിലെ വിരുന്നിന്റെ പൊതുവായ ബഹളങ്ങൾ ഊഹിക്കുക. അവിടെ സംസാരവും അട്ടഹാസവും ഉണ്ടായിരുന്നു. ദാസന്മാർ വരുകയും പോവുകയും ചെയ്തിരുന്നു – ഒന്നു വിളമ്പിതീർന്നു മറ്റൊന്നുകൊണ്ടുകൊടുത്ത്, കപ്പുകൾ നിറച്ചുകൊണ്ടിരുന്നു. വിരുന്നു നടന്നിരുന്ന മുറിക്കുള്ളിലോ മുറ്റത്തോ ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ടിരിക്കുന്നവരും അവിടെ നാലുപാടും ഉണ്ടായിരുന്നിരിക്കാം. സ്വകാര്യത, പാശ്ചാത്യ ലോകത്തുള്ളവർക്ക്[7] അറിയാവുന്നതുപോലെ, അക്കാലത്ത് പൂർവ്വ ദിക്കുകളിൽ ഉള്ളവർക്ക് അറിയാമായിരുന്നില്ല. അറിയപ്പെടുന്നൊരു വ്യക്തി വിരുന്നിനുവരുന്നു എന്നുകേട്ടാൽ, അതിക്രമിച്ച് വരുന്ന കാഴ്ച്ചക്കാർ അവിടെ അസാധാരണമായിരുന്നില്ല. അതുകൊണ്ട് ക്ഷണിക്കപ്പെടാത്ത ഒരു പാപിക്ക് ശിമോന്റെ വിരുന്നു നടക്കുന്നതിനിടയിൽ, അവിടേക്കു കടന്നുവരുവാൻ എളുപ്പമായിരുന്നു.

ആ വസ്തുതകൾ മനസ്സിൽവെച്ചുകൊണ്ട്, നമുക്കുവേദഭാഗം തുടരാം: "ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ; അവൻ പരീശന്റെ വീട്ടിൽ ഭക്ഷണത്തിന്നിരിക്കുന്നതു അറിഞ്ഞു, ഒരു വെണ്കൽ ഭരണി പരിമളതൈലം കൊണ്ടുവന്നു" (വാ. 37).

ആ സ്ത്രീയെ "ഒരു പാപി" എന്നാണ് വിളിച്ചിരിക്കുന്നത്. എന്റെ കൈവശമുള്ള എൻഎഎസ്ബിയിൽ ഉള്ള മാർജിൻ കുറിപ്പിൽ ഉള്ളത്: "അതായത്, ഒരു അധാർമ്മിക സ്ത്രീ" എന്നാണ്. പിന്നീട് യേശു പറഞ്ഞത് അവളുടെ

പാപം "അനേകമായിരുന്നു" എന്നാണ് (വാ. 47). അവളുടെ പാപം എന്താ യിരുന്നാലും, അവയെല്ലാം നന്നായി–അറിയപ്പെ ടുന്നതായിരുന്നു; അവൾക്ക് ഒരു അപശ്രുതി ഉണ്ടായിരുന്നു (വാ. 39). "പാപി" എന്ന വാക്യം 37–ലെ വാക്ക് "വിഭിചാരിണി"[8] എന്ന വാക്കിനെ മിതപ്പെടുത്തി ഉപയോഗിച്ചിരിക്കു ന്നതാണെന്നു മിക്ക വ്യാഖ്യാതാക്കളും തീർച്ചപ്പെടുത്തിയിരിക്കുന്നു.

തീർച്ചയായും ഈ സംഭവം വായിക്കുന്നതിൽനിന്ന് ആ കുപ്രസിദ്ധ പാപിക്ക് യേശു ആരാണെന്ന് അറിയാമെന്നുള്ളതും അവളുടെ ജീവിതത്തിൽ ഒരു വഴിതിരിവ് അവൻ[9] ഉണ്ടാക്കിയെന്നുള്ളതും വ്യക്തമാണ്. അതിനു മുൻപ്[10] അവർ രണ്ടുപേരും മുഖാ–മുഖമായി കണ്ടുമുട്ടിയിരിക്കയില്ല, എന്നാൽ അവൻ സംസാരിക്കുന്നതു[11] കേൾക്കുവാനുള്ള അവസരങ്ങൾ അവൾക്കു ധാരാളം കിട്ടിയിരിക്കും. പുറജാതിക്കാരോടും പാപികളോടുമുള്ള അവന്റെ സ്നേഹം അവൾ കണ്ടിട്ടുണ്ട് (നോക്കുക മത്തായി 11:5, 19). അവന്റെ മൃദുലമായ ക്ഷണം അവൾ കേട്ടിരിക്കാം:

> അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ, എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു (മത്തായി 11:28–30).

യേശുവിനെ കാണുവാനുള്ള അവളുടെ ശക്തമായ ആഗ്രഹവും, പുരു ഷന്മാർ മാത്രമുള്ള ഒരു സ്ഥലത്തേക്ക് കടന്നുചെല്ലുവാനുള്ള അവളുടെ ധൈര്യവും, അവൾ ഒഴുക്കിയ കണ്ണുനീരും (വാ. 37, 38) – ഇവയെല്ലാം ആ സ്ത്രീയുടെ ഉള്ളിൽ നിറയുന്ന ശക്തമായ വികാരങ്ങളെ ബോധ്യപ്പെടുത്തു ന്നതായിരുന്നു. അവൾ ക്രിസ്തുവിനെ കുറിച്ച് അറിയുന്നതിനു മുൻപുണ്ടാ യിരുന്ന അവളുടെ പ്രതീക്ഷയെല്ലാം നശിച്ച അവസ്ഥ മനസ്സിലാക്കുവാൻ ശ്രമിക്കുക: ഓരോ പുതിയ ദിവസവും ഭയാനകവും, മറ്റുള്ളവരോടു അവ ൾക്കു നീരസവും, സ്വയം–വെറുക്കുന്ന അവസ്ഥയിലുമായിരുന്നു. അപ്പോൾ അവൾ യേശുവിനെ കുറിച്ചുകേട്ടു, അവളുടെ ഉള്ളിലുണ്ടായിരുന്ന ഇരുട്ടിനെ സത്യത്തിന്റെ വെളിച്ചം ഇല്ലാതാക്കി. സംശയത്തിനുപകരം വിശ്വാസം (വാ. 50) വന്നു; ദൈവഹിത പ്രകാരമുള്ള ദുഃഖം (വാ. 38) ലോകപ്രകാരമുള്ള ദുഃഖ ത്തിനു പകരം വന്നു (2 കൊരിന്ത്യർ 7:10). അവളുടെ ജീവിതം മാറി! വീണ്ടും പഴയത് ഒരിക്കലും തിരിച്ചുവന്നില്ല!

സ്പഷ്ടമായും അവളിൽ ഒരു കുറവുണ്ടായിരുന്നു: അവളുടെ അഭിന ന്ദനം പ്രകടിപ്പിക്കുവാനുള്ള ഒരു അവസരം. യേശു ആ പ്രദേശത്ത് വരു ന്നുവെന്ന് അവൾ കേട്ടപ്പോൾ, കയ്യിൽ ഒരു ഭരണി തൈലവും എടുത്തു, അതിവേഗം ശിമോന്റെ വീട്ടിലേക്കു പോയി – ഒരുപക്ഷെ ഒരിക്കൽ അത് അവളുടെ വിൽപനവസ്തു ആയിരുന്നേക്കാം, എന്നാൽ അത് ഇപ്പോൾ അവ ളുടെ സ്നേഹവും നന്ദിയും പ്രകടിപ്പിക്കുവാൻ സഹായകമായ വസ്തുവാ യി.

പരീശന്റെ വീട്ടിൽ എത്തിയപ്പോൾ, വിരുന്നിന്റെ തിക്കിലും തിരക്കിലും, യേശുവിനെ കണ്ടെത്തുന്നതുവരെ ജനക്കൂട്ടത്തിനിടയിലൂടെ, മുന്നോട്ടു

പോവുക പ്രയാസമായിരുന്നില്ല. യേശു ഇരുന്നിരുന്ന മേശയ്ക്കരികിലേക്ക് അവൾ നടന്നു. അവൾ തന്റെ രക്ഷകന്റെ അടുത്തുനിന്നപ്പോൾ, അവളുടെ ഉള്ളിലെ വികാരം നിറഞ്ഞുകവിയുകയും മഴപോലെ കണ്ണുനീർ ഒഴുകുകയും ചെയ്തു.

അവളുടെ കണ്ണുനീർ യേശുവിന്റെ യാത്രയിൽനിന്നു–പൊടിപുരണ്ട കാലിൽ വീണപ്പോൾ, പാതയിൽനിന്നുള്ള പൊടിയുമായി അവ കലർന്നിരിക്കാം. അവൾ തന്റെ മുടി അഴിച്ച് അവളുടെ മുടിച്ചുരുളുകൾകൊണ്ട് ആ പൊടി തുടച്ചെടുക്കുവാൻ തുടങ്ങി. ഒരു മുതിർന്ന–യെഹൂദ സ്ത്രീ പരസ്യമായി[12] മുടി അഴിക്കുന്നതു അവജ്ഞയായി കണക്കാക്കിയിരുന്നു, എന്നാൽ അവജ്ഞയൊന്നും കാര്യമാക്കാതെ, അവൾ യേശുവിന്റെ കാൽ തുടച്ചുകൊണ്ടേയിരുന്നു.

പിന്നെ അവൾ അവന്റെ കാൽ ചുംബിക്കുവാൻ തുടങ്ങി. അവൾ കർത്താവിന്റെ പാദം ചുംബിച്ചു എന്നു നിങ്ങൾ വായിക്കുമ്പോൾ, മൃദുലമായ വൃത്തിയായി ചായം പൂശിയ, ഒരു രാജകുമാരന്റെ പാദമാണെന്നു ഓർക്കരുത്. മറിച്ച് പരുപരുത്ത, കടുപ്പമുള്ള, വിശ്രമമില്ലാതെ എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ചു വിള്ളലുകൾ ഉള്ളതായ പാദത്തെ കുറിച്ചു ചിന്തിക്കുക – ഈ സന്ദർഭത്തിൽ പറയുന്നത്, ഗലീലാ പാതകളിൽനിന്നു പറ്റിയതായ പൊടി നിറഞ്ഞ, പാദത്തെയാണ്. വാക്യം 45 അനുസരിച്ച്, അവൾ വീണ്ടും വീണ്ടും ആ അഴുക്കുപുരണ്ട പാദം ചുംബിച്ചിരുന്നു. അവസാനം, അവൾ തന്റെ ഭരണി എടുത്ത്, അത് തുറക്കുകയും,[13] അവന്റെ കാലിൽ സുഗന്ധതൈലം പൂശുവാനും തുടങ്ങി.

ഇത് ശീമോന്റെ വിരുന്നിൽ ഉളവാക്കിയിരുന്ന പ്രതികരണം ഊഹിക്കുവാൻ പ്രയാസമില്ല. പരീശന്മാർ പരസ്യമായി സ്ത്രീകളെ ഒന്നും ചെയ്തിരുന്നില്ല എന്നത് ഓർമ്മിക്കുക. ആ സമൂഹത്തിലെ അവളുടെ തിന്മയുടെ അപശ്രുതി ഓർമ്മിക്കുക. കരഞ്ഞുകൊണ്ടു തുടർച്ചയായി അവന്റെ കാൽ തുടയ്ക്കയും, തൈലമൊഴിക്കയും ചെയ്യുന്ന, ആ സ്ത്രീയുടെ വിചിത്രമായ പെരുമാറ്റവും – അതോടൊപ്പം മുടി അഴിച്ചു അവളുടെ ലജ്ജാകരമായ പെരുമാറ്റവും പറയേണ്ടതില്ല. സംഭാഷണങ്ങൾ നിന്നുപോയി, ഒരു സംശയവുമില്ല, എല്ലാ കണ്ണുകളും ആ സ്ത്രീയിലേക്കും യേശുവിലേക്കും തിരിഞ്ഞു.

ഈ സാഹചര്യത്തിലെ വിശദാംശങ്ങൾ ക്രിസ്തുവിനെ എങ്ങനെയാണ് സ്വാധീനിച്ചത്? തന്റെ കാലിൽ അവളുടെ കണ്ണുനീർ വീഴുന്നതിനു മുൻപ് അവൻ ആ സ്ത്രീയെ കണ്ടിട്ടുണ്ടോ? അവളുടെ അതിരുകവിഞ്ഞ വിശ്വാസപ്രകാരമല്ലാത്ത നന്ദി പ്രകടനങ്ങളോടു അവന്റെ പെട്ടെന്നുള്ള പ്രതികരണമെന്തായിരുന്നു?

ക്രിസ്തുവിന്റെ ആദ്യപ്രതികരണം നമുക്കു തീർച്ചയില്ല, എന്നാൽ ശിമോനിൽ അതുളവാക്കിയ ഫലത്തെ കുറിച്ചു നമ്മോടു പറയുന്നു. തന്റെ വീട്ടിൽ നടന്ന ശരിയല്ലാത്ത പ്രവൃത്തിയിൽ ആ പരീശൻ ഒരുപക്ഷെ ലജ്ജിച്ചുപോയിരിക്കാം – എന്നാൽ അവന് ചില തൃപ്തിയും ഉണ്ടായേക്കാം. യേശു എങ്ങനെ ഉള്ളവനായിരുന്നു എന്നതിനെ കുറിച്ച് എന്തെങ്കിലും ചോദ്യം അവനുണ്ടായിരുന്നുവെങ്കിൽ, ആ ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചു. "അവൻ ഉള്ളിൽ പറഞ്ഞു, 'ഇവൻ പ്രവാചകൻ ആയിരുന്നുവെങ്കിൽ തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെ ഉള്ളവൾ എന്നും അറിയുമായിരുന്നു, അവൾ പാപിയല്ലോ'" (വാ. 39).

ശിമോനെ സംബന്ധിച്ചിടത്തോളം, അവന് തീർച്ചയാക്കുവാൻ സാധ്യതയുള്ള രണ്ട് വസ്തുതകൾ മാത്രമായിരുന്നു: ഒന്നുകിൽ യേശുവിനെ തൊട്ട സ്ത്രീ ആരെന്നു അവൻ അറിഞ്ഞിരുന്നില്ല അതുകൊണ്ടു അവൻ ഒരു പ്രവാചകൻ[14] അല്ല, അല്ലെങ്കിൽ അവൾ ആരെന്ന് അവൻ അറിയുകയും അതു കാര്യമാക്കാതിരിക്കുകയും ചെയ്തു. അവസാനത്തേതിൽ, അവൻ നല്ല മനുഷ്യൻ[15] ആയിരിക്കയില്ല. ശിമോൻ തിരിച്ചറിയാതിരുന്നത് എന്തെന്നാൽ അവൾ ആരായിരുന്നുവെന്നും എന്തുചെയ്തുകൊണ്ടിരിക്കുകയായിരുന്നുവെന്നും യേശുവിന് അറി*യാമായി രുന്നു* എന്നതാണ്. ശിമോൻ ആരായിരുന്നുവെന്നും അവൻ എന്തുചെയ്യുകയായിരുന്നുവെന്നും യേശുവിന് അറിയാമായിരുന്നു – അത് അവൻ എല്ലാവരുടേയും മുൻപിൽ തുറന്നുകാണിക്കുവാനും തുടങ്ങുകയായിരുന്നു.

**ഒരു നിസ്സാര സംഭവം (വാ. 40-50)**

തന്റെ ആതിഥേയന്റെ വിചാരങ്ങൾ മനസ്സിലാക്കിക്കൊണ്ട്, "യേശു അവനോട്, 'ശിമോനെ, നിന്നോടു ഒന്നു പറവാനുണ്ട്'" (വാ. 40). പരീശനെ സംബന്ധിച്ചിടത്തോളം, നാടകം അവസാനിച്ചിരുന്നു, പ്രശ്നം പരിഹരിച്ചിരുന്നു. അവൻ മറുപടി പറഞ്ഞപ്പോൾ അവന്റെ ശബ്ദത്തിൽ ഉള്ള പരിഹാസം നിങ്ങൾക്ക് ഏതാണ്ട് മനസ്സിലാകും, "ഗുരോ, പറഞ്ഞാലും"[16] (വാ. 40).

യേശു അപ്പോൾ ഒരു ലളിതമായ ചെറുകഥ പറഞ്ഞു, രണ്ടു വാചകങ്ങൾ മാത്രമുള്ളതായ രസകരമായ സംഭവം. ആ കഥയിൽ, ചുരുങ്ങിയത് മൂന്നു കഥാപാത്രങ്ങൾ ഉണ്ട്: "കടം കൊടുക്കുന്ന ഒരുത്തന്നു രണ്ടു കടക്കാർ ഉണ്ടായിരുന്നു: ഒരുത്തൻ അഞ്ഞൂറുവെള്ളിക്കാശും,[17] മറ്റവൻ അമ്പതുവെള്ളിക്കാശും കൊടുപ്പാൻ ഉണ്ടായിരുന്നു. വീട്ടുവാൻ അവർക്കു വക ഇല്ലായ്കയാൽ, അവൻ ഇരുവർക്കും ഇളെച്ചുകൊടുത്തു" (വാ. 41, 42). ഒരുവെള്ളിക്കാശ് എന്നത് ഒരു സാധാരണ തൊഴിലാളിയുടെ ഒരു ദിവസത്തെ ശമ്പളമായിരുന്നു (നോക്കുക മത്തായി 20:2). അങ്ങനെ ഒരു കടക്കാരന് ഏതാണ്ട് രണ്ടുമാസത്തെ ശമ്പളം കടം കൊടുത്തവനു കൊടുക്കുവാൻ ഉണ്ടായിരുന്നു, മറ്റൊരുത്തനാണെങ്കിൽ ഏതാണ്ടു രണ്ടുവർഷം ജോലി ചെയ്താൽ കിട്ടുന്നതെല്ലാം കൊടുത്തുതീർക്കേണ്ട കടം ഉണ്ടായിരുന്നു![18]

"കടം കൊടുക്കുന്നവൻ" എന്നു നിങ്ങൾ കേൾക്കുമ്പോൾ, നിങ്ങളുടെ അടുത്തുള്ള പലിശക്കാരനെ പോലെ ആണെന്നു കരുതരുത് (അയാൾ, മിക്കവാറും നിങ്ങളുമായി സൗഹാർദ്ദത്തിൽ ആണെന്നു, ഞാൻ കരുതുന്നു). മറിച്ച്, പണം–കവർന്നെടുക്കുന്ന, ഹൃദയകാഠിന്യമുള്ള, ക്രൂര–മുഖത്തോടുകൂടിയ ഒരാളെ കുറിച്ചു ചിന്തിക്കുക: അത്തരം വ്യക്തി പാവങ്ങളെ വേട്ടയാടുകയും, അമിതമായ പലിശ ഈടാക്കുകയും, സമയത്ത് കൊടുക്കാൻ കഴിയാത്തവരോടു യാതൊരു ദാക്ഷിണ്യവും കാണിക്കാത്തവനുമാണ്.

ക്രിസ്തു ഒരു ചോദ്യം ചോദിച്ചുകൊണ്ട് കഥ തുടരുന്നു, "എന്നാൽ അവരിൽ [രണ്ടു കടക്കാർ] ആർ അവനെ [കടം കൊടുക്കുന്നവനെ] അധികം സ്നേഹിക്കും?" (വാ. 42).[19] മിക്ക കടംകൊടുപ്പുകാരും അന്നും ഇന്നും വെറുപ്പോടെ പറയുന്നു, "എനിക്ക് സ്നേഹമല്ല ആവശ്യം, *പണമാണ്* വേണ്ടത്!"

കൊടുത്തു തീർപ്പാൻ കഴിയാത്ത കടമുള്ളത് എല്ലായ്പ്പോഴും ഗൗരവമുള്ള പ്രശ്നം തന്നെയാണ്.[20] കടം കൊടുത്തു തീർക്കാൻ സാധിക്കാത്ത

തിന് ആളുകളെ ദണ്ഡിപ്പിക്കുകയും തടവിലാക്കുകയും ചെയ്തതായി മത്തായി 18:23–35 വരെ പറയുന്നു. കടക്കാരൻ രണ്ടുപേർക്കും കടം ഇളെച്ചുകൊടുത്തു എന്ന് യേശു പറഞ്ഞപ്പോൾ അവന്റെ ആ ചെറുകഥ അപ്രതീക്ഷിതമായ ഒരു വഴിത്തിരിവിൽ എത്തുകയാണ്. കടം കൊടുപ്പുകാർ കാലുകൾ ഒടിക്കുകയോ വാരിയെല്ല് തകർക്കുകയോ ചെയ്തതായി കേട്ടിട്ടുണ്ട്, എന്നാൽ അവർ അപൂർവമായിട്ടേ ഇങ്ങനെ പറയൂ, "നീ എനിക്കു തരുവാനുള്ളത് പോകട്ടെ സാരമില്ല. അത് മറന്നേക്കുക!" എങ്ങനെയായാലും, ക്രിസ്തുവിന്റെ ആ ഉപമയിലെ കടം കൊടുപ്പുകാരൻ ചെയ്തത് അതായിരുന്നു.[21]

യേശു പിന്നെ തിരിഞ്ഞു ശിമോനോടു ചോദിച്ചു, "എന്നാൽ അവരിൽ [രണ്ടു ക്ഷമിക്കപ്പെട്ട കടക്കാർ] ആർ അവനെ [ക്ഷമിക്കുന്ന കടം കൊടുക്കുന്നവനെ] അധികം സ്നേഹിക്കും?" (വാ. 42). പരീശൻ ഒരുപക്ഷെ മുഷിഞ്ഞിരിക്കാം. അവന്റെ മനസ്സിൽ, ആ സംഭവം സംശയരഹിതമായ വിഡ്ഢിത്തവും ആ ചോദ്യം തികച്ചും നിസ്സാരവുമായിരുന്നു. അവൻ ഉത്തരം നൽകിയപ്പോൾ അവന്റെ ശബ്ദത്തിലെ ബഹുമാനരാഹിത്യം നിങ്ങൾക്കുകേൾപ്പാൻ കഴിയും, "അധികം ഇളെച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു" (വാ. 43).

യേശു അവനോടു പറഞ്ഞു, "നീ വിധിച്ചത് ശരി" (വാ. 43) "വിധിച്ചത്" എന്ന വാക്ക് പ്രാധാന്യത്തോടെ കാണുക. ശിമോൻ വെറുതെ ഉത്തരം പറയുകയല്ല ചെയ്തത്; അവൻ ഒരു വിധി നടത്തുകയായിരുന്നു – തന്നെത്തന്നെ വിധിക്കുകയായിരുന്നു. അവന്റെ സ്വന്ത വാക്കുകൾ തന്നെ അവനെ കുറ്റപ്പെടുത്തി.

സ്ത്രീയിലേക്കു തിരിഞ്ഞ്, ക്രിസ്തു പരീശനോടു പറഞ്ഞു, "ഈ സ്ത്രീയെ കാണുന്നുവോ?" (വാ. 44). ശിമോന്റെ വിചാരം എനിക്കു ഊഹിക്കുവാൻ കഴിയും, "എന്തൊരു വിഡ്ഢിത്ത ചോദ്യം! എനിക്ക് എങ്ങനെ അവളെ കാണാതിരിപ്പാൻ കഴിയും? അവൾ എന്റെ വിരുന്ന് അലങ്കോലപ്പെടുത്തി എന്നെ ലജ്ജിപ്പിച്ചവളാണ്! യേശുവിന്റെ പ്രതികരണമറിയുവാൻ ഞാൻ ആഗ്രഹിച്ചില്ലായിരുന്നുവെങ്കിൽ അവളെ ഉടനെ പിടിച്ചു പുറത്താക്കുമായിരുന്നു. തീർച്ചയായും, ഞാൻ അവളെ കാണുന്നുണ്ട്!" എങ്ങനെയായാലും, അവൻ അവളെ വാസ്തവത്തിൽ കണ്ടിരുന്നില്ല, കണ്ടിരുന്നോ? അവന്റെ കണ്ണുകളിൽ എല്ലാം നിറഞ്ഞിരുന്നത് അവൾ മുൻപ് ആ*രായിരുന്നു*വെന്നും എന്താ*യിരുന്നു*വെന്നും ആയിരുന്നു. ദുഃഖകരമായ ഈ വാക്കുകൾ കവിയായ ടെന്നിസൺ എഴുതി: "ഒരു മനുഷ്യൻ മാനസാന്തരപ്പെടുന്നതു ലോകം വിശ്വസിക്കയില്ല."[22]

സ്ത്രീയെ നോക്കിക്കൊണ്ടു, എന്നാൽ ശീമോനോടു, യേശു തുടർന്നു പറഞ്ഞു,

> ഞാൻ നിന്റെ വീട്ടിൽ വന്നു; നീ എന്റെ കാലിന്നു വെള്ളം തന്നില്ല, ഇവളോ കണ്ണുനീർ കൊണ്ടു എന്റെ കാൽ നനെച്ചു തലമുടികൊണ്ടു തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല; ഇവളോ, ഞാൻ അകത്തുവന്നതുമുതൽ, ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ പരിമള തൈലംകൊണ്ടു എന്റെ കാൽ പൂശി (വാ. 44–46).

യേശു പിന്നെ അവൻ പറഞ്ഞ കഥ പ്രായോഗികമാക്കി: "ആകയാൽ, ഇവ

ളുടെ അനേകമായ പാപങ്ങൾ, മോചിച്ചിരിക്കുന്നു എന്ന്, ഞാൻ നിന്നോടു പറയുന്നു, അവൾ വളരെ സ്നേഹിച്ചുവല്ലോ; അൽപം മോചിച്ചുകിട്ടിയവൻ, അൽപം സ്നേഹിക്കുന്നു" (വാ. 47).

വാക്യം 41–ലും 42–ലും പറയുന്ന ഉപമയിലേക്കു നമുക്കു തിരിച്ചുവരാം. ബർട്ടൺ കോഫ്മാൻ[23] ഈ പ്രായോഗികത നിർദ്ദേശിച്ചു:

കടക്കാരൻ = നമ്മുടെ കർത്താവായ യേശുക്രിസ്തു.
500 വെള്ളിക്കാശ് കടപ്പെട്ടവൻ = പാപിയായ
ആ സ്ത്രീ.
50 വെള്ളിക്കാശ് കടപ്പെട്ടവൻ = പരീശൻ
അവർക്കു രണ്ടുപേർക്കും വീട്ടുവാൻ കഴിഞ്ഞില്ല = ഏതൊരു
മനുഷ്യനും ഏറ്റവും നിസ്സാരമായ പാപങ്ങളിൽ ആയാൽപോലും
അതിൽ നിന്നു സ്വയമായി യഥാസ്ഥാനപ്പെടുവാൻ കഴിയുകയില്ല.
അവർ രണ്ടുപേർക്കും ഇളെച്ചുകൊടുത്തു = എല്ലാവർക്കും പാപക്ഷമ
നൽകുന്ന അനർഹമായ ദൈവത്തിന്റെ ഉപഹാരം.

അതീവ ശ്രദ്ധയോടെ വേണം ഒരു ഉപമയുടെ[24] ഓരോ വിശദീകരണ ത്തിലുമുള്ള പ്രാധാന്യം മനസ്സിലാക്കുവാൻ. (ഇക്കാര്യത്തിൽ, ഉദാഹരണ ത്തിന്, ഇഷ്ടമില്ലാത്ത ഒരു കടം കൊടുപ്പുകാരന്റെ[25] സ്വഭാവമല്ല യേശുവിനു ള്ളത്.) എന്നിരുന്നാലും, എടുത്തുപറയപ്പെട്ട സമാനതകൾ താല്പര്യമുള്ള താണ്.

കോഫ്മാൻ പറഞ്ഞിരിക്കുന്നത് കൃത്യമാണെങ്കിൽ, 450–വെള്ളിക്കാശിന്റെ വ്യത്യാസമാണ് *ശിമോൻ കണക്കാക്കിയിരിക്കുന്നതിൽ* ഉണ്ടായിരുന്നത്. നൂറു മടങ്ങ്, അല്ലെങ്കിൽ ആയിരം മടങ്ങ് അല്ല എന്നാലും – തീർച്ചയായും പരീ ശൻ ആ പാപിയായ സ്ത്രീയെക്കാൾ പത്തുമടങ്ങു നല്ലവനായിട്ടാണ് സ്വയം കണക്കാക്കിയിരുന്നത്. അവൻ വാസ്തവത്തിൽ ശ്രേഷ്ഠനായിരുന്നോ? ജഡി കസ്വഭാവത്തെ സംബന്ധിച്ചു കുറ്റമുള്ളവളായിരുന്നു ആ സ്ത്രീ, എന്നാൽ അവനോ മനോഭാവത്തിന്റെ പാപത്തെ സംബന്ധിച്ചു കുറ്റമുള്ളവനായിരു ന്നു. അവൾ ചെയ്ത പ്രവർത്തിയെ സംബന്ധിച്ചു കുറ്റമുള്ളവളായിരുന്നു, എന്നാൽ അവനോ ഉപേക്ഷയുടെ പാപത്തെ സംബന്ധിച്ചു കുറ്റമുള്ളവനായി രുന്നു. അവൾ ഒരുപക്ഷെ അറിയപ്പെട്ടത് ഒരു പാപം നിമിത്തം ആയിരുന്നു, എന്നാൽ പരീശനോ അസംഖ്യം പാപം ഉള്ളവനായിരുന്നു: അവനിൽ അഹ ങ്കാരത്തിന്റെ, സ്വാർത്ഥ–ചിന്തയുടെ, സ്വയ–നീതീകരണത്തിന്റെ, ദുരഭിമാനത്തിന്റെ, ആത്മീയ അന്ധതയുടെ, കാപട്യത്തിന്റെ കുറ്റമുള്ളവനായിരുന്നു.

ആ ഉപമയിൽ പറഞ്ഞ പ്രത്യേക സംഖ്യകൾക്കൊന്നും, ഒരുപക്ഷെ, പ്രാധാന്യമില്ല. രണ്ടു കടക്കാർക്കും "വീട്ടുവാൻ വക ഇല്ല" എന്നതാണ് പ്രധാന കാര്യം (വാ. 42). നാം എല്ലാവരും പാപികളാണ് (റോമർ 3:23), നമ്മിൽ ആർക്കും പാപക്കടം നീക്കംചെയ്യുവാൻ തക്ക സൽപ്രവൃത്തികൾ ഇല്ലാത്തവരാണ് (റോമർ 6:23). ഏറ്റവും അധികം നമുക്ക് നൽകിയ ആളുടെ മുമ്പാകെ നമുക്ക് ഓരോരുത്തർക്കും വെറും–കയ്യോടെ മാത്രമേ നിൽക്കു വാൻ കഴിയൂ.

നമുക്കെന്തു പ്രത്യാശ ഉണ്ട്? നമുക്കുള്ള ഏക പ്രത്യാശ കർത്താവിന്റെ

കരുണയിലാണ്. ഒരു നിയമമെന്ന നിലയിൽ, കടം കൊടുക്കുന്നവർ സാധാരണ കരുണയുള്ളവരായിരിക്കയില്ല – എന്നാൽ ദൈവം കരുണയുള്ളവനാണ്. പൗലൊസു പറഞ്ഞതുപോലെ, "പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും" ലഭിക്കുന്നതാണ് "കൃപയും കനിവും, സമാധാനവും" (1 തിമൊഥെയൊസ് 1:2; 2 തിമൊഥെയൊസ് 1:2).

"ഒരു വ്യക്തിയുടെ ജീവിതത്തിലെ പാപത്തിന്റെ *അളവിനെ* കുറിച്ചല്ല ഉപമയിൽ പറയുന്നത് എന്നാൽ തന്റെ ഹൃദയത്തിൽ ആ പാപത്തെ കുറിച്ചുള്ള *ബോധത്തെ* കുറിച്ചാണ്."[26] ആ സ്ത്രീക്ക് അവളുടെ അസംഖ്യം പാപത്തെ കുറിച്ചു ആഴമേറിയ അറിവു ഉണ്ടായിരുന്നു. അത് അവളുടെ കണ്ണുനീർ വെളിപ്പെടുത്തി. ക്രിസ്തുവിനോടുള്ള അവളുടെ സ്നേഹം നിറഞ്ഞുകവിഞ്ഞു. അതിനു വിപരീതമായി, തന്റെ വ്യക്തിപരമായ പാപത്തെ കുറിച്ചു ബോധമില്ലാത്ത, ശീമോന്, കുറ്റബോധം തോന്നിയില്ല, സ്നേഹം പ്രകടിപ്പിക്കുവാനുള്ള അവന്റെ ബാദ്ധ്യത പ്രകടമാക്കിയതുമില്ല. ആരോ പറഞ്ഞു, "പാപത്തെ കുറിച്ച് ബോധമില്ലാതിരിക്കുന്നതാണ് ഏറ്റവും വലിയ പാപം."[27]

യേശുവിന്റെ ആതിഥേയൻ അവന്റെ കുറ്റാരോപണത്തോടു എങ്ങനെ പ്രതികരിച്ചു? പരീശന് ഒരുപക്ഷെ ഉത്തരം മുട്ടിപോയേക്കാം. ചുരുങ്ങിയത്, അവന്റെ ഒരു പ്രതികരണവും രേഖപ്പെടുത്തിയിട്ടില്ല.

പിന്നെ ക്രിസ്തു സ്ത്രീയോടു നേരിട്ട് ആദ്യമായി സംസാരിച്ചു: "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" (വാ. 48). "നിന്റെ പാപങ്ങൾ മോചി*ക്കുന്നു,*" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ "നിന്റെ പാപങ്ങൾ മോചിച്ചു*തന്നിരിക്കുന്നു*" എന്നാണ്. മുൻപു പറഞ്ഞതുപോലെ, അവളുടെ കഴിഞ്ഞകാല പാപങ്ങളെയാണ് അവൻ മോചിച്ചു കൊടുത്തത്, എന്നാൽ അവൾ ക്ഷമിക്കപ്പെട്ടത് അവൻ ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു. ജെറുസലേം ബൈബിൾ യേശു പറഞ്ഞതിനെ ഉദ്ധരിക്കുന്നത്, "... അവളുടെ പാപങ്ങൾ, അവളുടെ അനവധി പാപങ്ങൾ ക്ഷമിച്ചു കൊടുത്തിരിക്കണം, അല്ലെങ്കിൽ അവൾ അത്തരത്തിൽ അധികം സ്നേഹം കാണിക്കയില്ല" (വാ. 47).

നമുക്കു പാപക്ഷമാപണം ലഭിക്കുന്നതിനു സ്നേഹം ഒരു പ്രധാന ഘടകമാണ് (യോഹന്നാൻ 14:15; 1 യോഹന്നാൻ 5:3), എന്നാൽ ഈ സംഭവത്തിലെ ഊന്നൽ അധികം ക്ഷമിച്ചുകിട്ടുന്നവൻ അധികം സ്നേഹം *പുറപ്പെടുവിക്കും* എന്നാണ്: അധികം ക്ഷമിച്ചുകിട്ടി എന്നറിയുന്നവൻ അധികം സ്നേഹിക്കുന്നു, "അല്പം മോചിച്ചുകിട്ടിയവൻ, അല്പം സ്നേഹിക്കുന്നു" (ലൂക്കൊസ് 7:47).

അവളുടെ പാപങ്ങൾ മോചിച്ചുകൊടുത്തതായി യേശു പറഞ്ഞപ്പോൾ, മറ്റു അതിഥികൾ ദുഷിച്ചുപറഞ്ഞു. അവർ പിറുപിറുത്തു,[28] "പാപമോചനവും കൊടുക്കുന്ന ഇവൻ ആർ?" (വാ. 49). അവരുടെ മനസ്സിൽ, പാപങ്ങൾ ക്ഷമിച്ചുകൊടുക്കുന്നതു ദൈവത്തിന്റെ മാത്രം[29] അധികാരത്തിൽ പെടുന്നതാണ്.

മറ്റുള്ളവരെ അവഗണിച്ചുകൊണ്ട്, യേശു സ്ത്രീയോട് പറഞ്ഞു, "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (വാ. 50). യേശുവിനെ കുറിച്ച് കേട്ടതിനാലും അവനെ കണ്ടതിനാലും അവളിൽ വിശ്വാസം ജനിച്ചു (റോമർ 10:17). ഇപ്പോൾ ആ വിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നു. ഗലാത്യർ 5:6–ന്റെ തത്വമാണ് അവൾ പ്രദർശിപ്പിച്ചത്: അതായത് "സ്നേഹത്താൽ വ്യാപരിക്കുന്ന

വിശ്വാസം" (എൻഐവി).

പിന്നെ യേശു അവളോടു "സമാധാനത്തോടെ പോക" എന്നു പറഞ്ഞു (ലൂക്കൊസ് 7:50). അക്ഷരികമായി, അവൻ പറഞ്ഞത്, "സമാധാനത്തി*ലേക്കു* പോക"[30] എന്നാണ്. കഴിഞ്ഞകാലത്ത് അവളുടെ മനസ്സിൽനിന്നും ഹൃദയ ത്തിൽനിന്നും സമാധാനം പൊയ്പ്പോയിരുന്നു, എന്നാൽ ഇപ്പോൾ അവൾക്കു ഒരു പുതിയ തുടക്കം ലഭിച്ചു (2 കൊരിന്ത്യർ 5:17; റോമർ 5:1).

ആ സ്ത്രീയുടെ പാപങ്ങളെ ശ്രദ്ധിക്കാതിരുന്നില്ല ക്രിസ്തു എന്നു ഞാൻ പറയട്ടെ. "അനേകമായ" എന്നാണ് അവയെ കുറിച്ചു അവൻ പറഞ്ഞത് (ലൂക്കൊസ് 7:47). അവളുടെ പാപങ്ങൾ പ്രാധാന്യമില്ലാത്തതുപോലെ വിട്ടു കളയുന്നതിനുപകരം, പാപം ചെയ്യുന്നത് നിർത്തുവാൻ അവൻ അവൾക്ക് ഒരു പ്രചോദനം നൽകുകയായിരുന്നു. പിന്നീടു മറ്റൊരു അവസരത്തിൽ, മറ്റൊരു പാപിയായ സ്ത്രീയെ യേശു കണ്ടപ്പോൾ, അവളോടു വിടപറയു മ്പോൾ, അവൻ പറഞ്ഞു, "ഇനി പാപം ചെയ്യരുത്" (യോഹന്നാൻ 8:11). ഈ സന്ദർഭത്തിൽ, അതേ താക്കീത് സൂചിപ്പിക്കുന്നു.

## സ്നേഹത്തെ കുറിച്ചുള്ള പാഠങ്ങൾ

യേശുവിന്റെ ശാസന ശിമോനിൽ എന്തെങ്കിലും മാറ്റം വരുത്തിയോ? ആ നിമിഷം മുതൽ പാപിയായിരുന്ന സ്ത്രീ ദൈവികജീവിതമാണോ നയി ച്ചത്? നമുക്കങ്ങനെ കരുതാം, എന്നാൽ വേദഭാഗം അതു പറയുന്നില്ല. നമ്മുടെ ആകാംക്ഷ തീർക്കുന്നതിനുവേണ്ടിയല്ല ബൈബിൾ എഴുതപ്പെട്ടത്; യഥാർത്ഥ പങ്കാളികളെ അഭിനന്ദിക്കുന്നതിനോ കുറ്റപ്പെടുത്തുന്നതിനോ വേണ്ടിയുമല്ല ആ കഥ എഴുതിയത്. മറിച്ച്, അതു രേഖപ്പെടുത്തിയതിന്റെ കാരണം നമ്മുടെ ഓരോരുത്തരുടേയും ഹൃദയങ്ങളെയും ജീവിതങ്ങളെയും നാം പരിശോധി ക്കുന്നതിനുവേണ്ടിയാണ്. നമുക്ക് ഓരോരുത്തർക്കും താഴെ കൊടുത്തിരി ക്കുന്ന ചോദ്യങ്ങൾ ചോദിക്കാം:

(1) *എന്റെ പാപങ്ങളുടെ ബാഹുല്യത്തെ കുറിച്ച് എനിക്കു ബോധ മുണ്ടോ?* ശിമോൻ ബഹുമാന്യതയുടെ ഭാരം ചുമന്നിരുന്നു. എന്നെ തെറ്റിദ്ധ രിക്കരുത്: ബഹുമാന്യത എന്നത് ആഗ്രഹിക്കേണ്ട ഒന്നാണ്, എന്നാൽ അതു നീതിക്കു പകരം ആവുകയില്ല. തന്റെ പാപം സമ്മതിക്കുവാൻ മനസ്സുള്ള അഭക്തനായ ഹൃദയമുള്ള ഒരാളെ നേടുന്നതിനെക്കാൾ പ്രയാസമാണ് ബഹു മാന്യതയുടെ പാപഹൃദയമുള്ള ഒരാളെ നേടുവാൻ ശ്രമിക്കുന്നത്. നമുക്കോ രോരുത്തർക്കും പറയാൻ സാധിക്കട്ടെ, "ഓ, കർത്താവേ, എന്റെ കടം വലു താണ്!"

(2) *എന്റെ പാപങ്ങൾ ക്ഷമിച്ചുകിട്ടുന്നതിന്റെ മാഹാത്മ്യത്തെ കുറിച്ച് എനിക്കറിയാമോ?* ഈ ആഴ്ച്ചയിലെ വായനയിൽ, യേശു ധാരാളം അത്ഭുത പ്രവൃത്തികൾ ചെയ്തതായിട്ടുണ്ട്. അവൻ ഒരു രാജ്യഭൃത്യനെ സൗഖ്യമാ ക്കി; അവൻ മരിച്ചവനെ ഉയർപ്പിച്ചു; അവൻ ധാരാളം അത്ഭുതപ്രവൃത്തി കൾ ചെയ്തു – എന്നാൽ ഏറ്റവും വലിയ അത്ഭുതം അവൻ ചെയ്തത് ഒരു സാധുവായ സ്ത്രീക്ക് പാപം ക്ഷമിച്ചുകൊടുത്ത് സമാധാനം കണ്ടെത്തു വാൻ സഹായിച്ചതാണ്.

ആ രണ്ടു കടക്കാരെ കുറിച്ചുള്ള ഉപമ യാഥാർത്ഥ്യവുമായി പൊരുത്ത പ്പെടുന്നതല്ല എന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഇതാ മറ്റൊരു ഉദാ ഹരണം: കടം കൊടുക്കുന്ന ഒരാൾക്കു *പറയാം*, "കടം ഇളച്ചുതന്നിരിക്കു

ന്നു" നഷ്ടം സഹിക്ക. ദൈവത്തിന് അതു ചെയ്യാൻ കഴിയുകയില്ല. മറിച്ച്, നമ്മുടെ പാപങ്ങളുടെ കടം *കൊടുത്തു*തീർക്കേണ്ടതാണ് – അത് കൊടുത്തത് അവന്റെ പുത്രന്റെ ക്രൂശിലെ മരണത്താലാണ് (യോഹന്നാൻ 3:16; 2 കൊരിന്ത്യർ 5:21; കൊലൊസ്യർ 2:14)! നമുക്കോരോരുത്തർക്കും പറയാം, ''പറഞ്ഞുതീരാത്ത ദാനം നിമിത്തം ദൈവത്തിന്നു സ്തോത്രം!'' (2 കൊരിന്ത്യർ 9:15).

(3) *അധികം ക്ഷമിച്ച് തന്നതുകൊണ്ട്, ഞാൻ അധികം സ്നേഹിക്കുന്നുണ്ടോ?* ക്രൂശിന്റെ സംഭവം പൊതുവായി അറിയപ്പെടുന്ന ഒന്നായി തീർന്നുവെങ്കിൽ, നമ്മുടെ ഹൃദയങ്ങൾ ഒരിക്കലും അതിയായ ആഗ്രഹം കൊണ്ടു നിറയുമായിരുന്നില്ല. യേശു നമ്മെ സ്നേഹിച്ചുവെന്നും (റോമർ 8:37) തുടർന്നും സ്നേഹിക്കുന്നുവെന്നും നമുക്കു മനസ്സിലാക്കാം (വെളിപ്പാട് 1:5). ഓരോ ദിവസവും നമുക്ക് അവനോടുള്ള ബന്ധം പുതുക്കാം. നമുക്ക് ഓരോരുത്തർക്കും പറയാം, "കർത്താവേ, എന്റെ തണുത്ത് മരവിച്ച ഹൃദയത്തെ, ഊഷ്മളമാക്കേണമേ!"

(4) *എന്റെ സ്നേഹം പ്രകടമാക്കുന്നുണ്ടോ?* അഭിനന്ദനം കാണിച്ചുകൊണ്ടുള്ള സ്ത്രീയുടെ അതിരുകവിഞ്ഞ ആശയപ്രകടനങ്ങൾ ശിമോന്റെ വീട്ടിൽ സന്നിഹിതരായിരുന്നവരെ സംശയിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തിരിക്കാം. ഒരുപക്ഷെ ചിലർ അവരുടെ വിശുദ്ധിയെ സംശയിച്ചേക്കാം. എങ്ങനെയായാലും, വാസ്തവത്തിലുള്ള സ്നേഹം, വില കണക്കാക്കുന്നില്ല. അത് അമിത പ്രകടനങ്ങളിൽ വ്യക്തമാകുന്നു. നമുക്ക് ഓരോരുത്തർക്കും പറയാം, "ഓ കർത്താവേ, എന്റെ സ്നേഹം *പ്രദർശിപ്പിക്കു*വാൻ എന്നെ സഹായിക്കേണമേ!"

**ഉപസംഹാരം**

ഈ പ്രസംഗത്തിന്റെ ആരംഭത്തിൽ, നമുക്ക് അറിയാവുന്നിടത്തോളം, ഭക്ഷണത്തിന് യേശുവിനെ ക്ഷണിച്ചപ്പോഴൊന്നും അവൻ അത് നിരസിച്ചിരുന്നില്ല, എന്ന് ഞാൻ പറഞ്ഞിരുന്നു. അത് എന്നെ ക്രിസ്തുവിന്റെ വെളിപ്പാടു 3:20–ലെ അത്ഭുതകരമായ ക്ഷണം ഓർപ്പിക്കുന്നു: "ഞാൻ, വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്നു, അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." നിങ്ങളോടുകൂടെ ഭക്ഷിക്കുവാൻ യേശു ആഗ്രഹിക്കുന്നു, എന്നാൽ ആദ്യം നിങ്ങളുടെ ജീവിതത്തിലേക്ക് അവനെ ക്ഷണിക്കണം.[31]

നിങ്ങൾ യേശുവിന് ആ ക്ഷണം ഒരിക്കലും നൽകിയിട്ടില്ല എങ്കിൽ, നിങ്ങളുടെ വിശ്വാസം സ്നേഹത്താൽ വ്യാപരിക്കേണ്ടിയിരിക്കുന്നു (ഗലാത്യർ 5:6). അവന്റെ ഇഷ്ടം അനുസരിച്ചുകൊണ്ട് നിങ്ങളുടെ സ്നേഹവും വിശ്വാസവും പ്രകടിപ്പിക്കുക (യോഹന്നാൻ 14:15; മത്തായി 7:21). നിങ്ങളുടെ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടുക (ലൂക്കൊസ് 13:3); "നുറുങ്ങിയും തകർന്നുമിരിക്കുന്ന ഹൃദയത്തെയാണ്" ദൈവം ആഗ്രഹിക്കുന്നത് (സങ്കീർത്തനങ്ങൾ 51:17). കർത്താവിലുള്ള നിങ്ങളുടെ വിശ്വാസം ഏറ്റുപറയുകയും നിങ്ങളുടെ പാപമോചനത്തിനായി സ്നാനമേൽക്കുകയും വേണം (വെള്ളത്തിൽ അടക്കം) (പ്രവൃത്തികൾ 2:38; 8:37).

അവിശ്വസ്തനായ ക്രിസ്ത്യാനി ആയിതീർന്നു, നിങ്ങളുടെ ജീവിതത്തിൽ

നിങ്ങൾ കർത്താവിനെ അടച്ചുവെച്ചിരിക്കുകയാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട്, പാപങ്ങൾ ഏറ്റുപറഞ്ഞ്, പ്രാർത്ഥിച്ച്, അവനെ നിങ്ങളുടെ ജീവിതത്തിലേക്കു തിരിച്ചു കൊണ്ടുവരാൻ സാധിക്കും (1 യോഹന്നാൻ 1:9; പ്രവൃത്തികൾ 8:22; യാക്കോബ് 5:16). “ആകയാൽ എരിവുള്ളവരായി മാനസാന്തരപ്പെടുക” (വെളിപ്പാട് 3:19).

നിങ്ങൾ ഒരിക്കലും യേശു നിങ്ങൾക്കുവേണ്ടി ചെയ്തതിനെ അനുമോദിച്ച് പ്രകടിപ്പിച്ചിട്ടില്ലെങ്കിൽ, അതു ചെയ്യുവാനുള്ള സമയം ഇപ്പോഴാണ്! (2 കൊരിന്ത്യർ 6:2 നോക്കുക).

---

കുറിപ്പുകൾ

[1]ഞാനിത് പ്രസംഗിക്കുമ്പോൾ, ഞാനൽപം നർമ്മരസം ചേർത്തു പറയും: “ഇക്കാര്യത്തിൽ, എന്റെ ഭാര്യ യേശുവിനെ പോലെയാണ്!” [2]ശിമോൻ ഉപയോഗിച്ച “പ്രവാചകൻ” എന്ന വാക്ക് (ലൂക്കൊസ് 7:39) സൂചിപ്പിക്കുന്നത് ഒരുപക്ഷെ നയിനിൽ ഉപയോഗിച്ച വാക്കുകൾ അവൻ കേട്ടിരിക്കാം എന്നാണ്. [3]ബാർക്ക്ലേ പറഞ്ഞത് ശിമോൻ “എ കളക്ടർ ഓഫ് സെലിബ്രിറ്റീസ്” ആയിരുന്നു എന്നാണ് (വില്യം ബാർക്ക്ലേ, *ദ ഗോസ്പെൽ ഓഫ് ലൂക്ക്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് [ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975], 94). [4]യേശു ജഡത്തിലായപ്പോൾ ചില ദൈവീക മനോഗുണങ്ങൾ നഷ്ടപ്പെടുത്തി (ഫിലിപ്പിയർ 2:6, 7; മർക്കൊസ് 13:32 നോക്കുക). അവനു അപ്പോഴും മനുഷ്യ മനസുകൾ വായിച്ചറിയുവാൻ കഴിഞ്ഞിരുന്നു, എങ്ങനെയായാലും (യോഹന്നാൻ 2:25), മറ്റുള്ളവരെ കുറിച്ച് അമാനുഷ ജ്ഞാനവും അവനിൽ ഉണ്ടായിരുന്നു (യോഹന്നാൻ 1:48; 4:17, 18). ഒരു പരിധിവരെ, ഭാവിയും അവനു കാണുവാൻ കഴിഞ്ഞിരുന്നു (യോഹന്നാൻ 6:71; മർക്കൊസ് 8:31). ആ വിരുന്നിൽ ആ സ്ത്രീ പങ്കെടുക്കുമെന്നും അവൻ കണ്ട*ിരിക്കാം*. [5]നിങ്ങൾക്ക് അതേ അനുഭവം ഉണ്ടെങ്കിൽ, അതു നിങ്ങൾക്കു വേണമെങ്കിൽ വിശദമാക്കാം, പക്ഷെ അതാർക്കും ലജ്ജ ഉണ്ടാക്കരുതെന്നു മാത്രം. [6]വിനോദത്തെ സംബന്ധിച്ച്, മത്തായി 14:6 നോക്കുക. [7]അമേരിക്കയിൽ പോലും, വാതിലുകളും ജനലുകളും (കർട്ടൻ കൂടാതെ) വേനൽക്കാലത്ത് തുറന്നിട്ടിരിക്കുമ്പോൾ, അതു കാറ്റുകിട്ടുന്നതിനുവേണ്ടിയാണെന്ന് നമ്മളിൽ പലർക്കും മനസ്സിലാകും. അപ്പോൾ ആളുകൾ (അപരിചിതർ പോലും) വീടുകളിലേക്ക് കടക്കുന്നതും പുറത്തുപോകുന്നതും സാധാരണയാണ്. [8]നാം എല്ലാം പാപികൾ ആണ് (റോമർ 3:23), എന്നാൽ നമ്മിൽ അധികം പേരിലും കടന്നുകൂടുന്ന വിവിധ പാപങ്ങൾ ആയിരുന്നില്ല ആ സ്ത്രീയിൽ ഉണ്ടായിരുന്നതെന്നു തോന്നുന്നു. അവളുടെ പാപം അവളെ കുപ്രസിദ്ധയാക്കുന്ന തരത്തിലുള്ളതായിരുന്നു. [9]യേശുവിന്റെ രണ്ടു കടക്കാരെ കുറിച്ചുള്ള ഉപമ പഠിപ്പിക്കുന്നത് അധികം *ഇളെച്ചുകിട്ടിയവൻ* അധികം *സ്നേഹിക്കുന്നു* (ലൂക്കൊസ് 7:47) എന്നാണ്. ആ മുറിയിൽ പ്രവേശിച്ചതുമുതൽ യേശുവിനോടുള്ള അവളുടെ സ്നേഹം അവൾ പ്രകടമാക്കിയതുകൊണ്ടു, അവൾ മുറിയിലേക്കു പ്രവേശിക്കുന്നതിനു മുൻപുതന്നെ ക്ഷമിക്കപ്പെട്ടു തുടങ്ങിയിരിക്കാം. [10]ലൂക്കൊസ് 7:48, 50 വായിക്കുമ്പോൾ എനിക്കുണ്ടാകുന്ന ധാരണ ഇതാണ്.

[11]അവൾക്കു യഥാർത്ഥത്തിൽ ലഭിച്ച അവസരങ്ങൾ ലൂക്കൊസ് 7:37–ലെ “പട്ടണം” എന്നതിന്റെ സ്ഥാനത്തെ ആസ്പദമാക്കിയാണ്, അതിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല. അവൾ എത്ര തവണ യേശുവിനെ കുറിച്ച് കേൾക്കുകയോ കാണുകയോ ചെയ്തിരുന്നു എന്നതിനെ സംബന്ധിച്ചുള്ള ചിത്രീകരണം നൽകിയിരിക്കുന്നത് ഈ ആഴ്ചയിലെ വായനാഭാഗത്തു നിന്നാണ്. [12]ഒരു യെഹൂദ പെൺകുട്ടി വിവാഹിതയാകു

മ്പോൾ കെട്ടുന്ന മുടി ഒരിക്കലും അഴിച്ചിട്ട് പരസ്യമായി പ്രത്യക്ഷപ്പെടാറില്ല. [13]അത്തരം ഭരണി സാധാരണ തുറക്കുന്നത് അതിന്റെ കഴുത്ത് പൊട്ടിച്ചുകൊണ്ടാണ്. [14]ആത്മാവിനെ വിവേചിക്കുവാനുള്ള ഒരുവരം പ്രവാചകനുണ്ടായിരുന്നു (നോക്കുക 1 രാജാക്കന്മാർ 14:1–6). പ്രത്യേകിച്ച്, അത് പ്രവാചകനായിരു*ന്ന*, മശിഹയെ സംബന്ധിച്ച് വാസ്തവമായിരുന്നു (യെശയ്യാവു 11:2–4). [15]റബ്ബിമാരുടെ പാരമ്പര്യം അനുസരിച്ച് (ദൈവശ്വാസീയമല്ലാത്ത), പാപിയായ ഒരു സ്ത്രീ തൊട്ടാൽ അശുദ്ധനായി തീരും. [16]ഗ്രീക്കിലെ അക്ഷരീക തർജ്ജിമയാണ് "ഗുരു" എന്നത്. യേശുവിന് ശിമോൻ ഉപയോഗിച്ച ഒരു ആദരണീയ വാക്കായിരുന്നു അത് – ഒരുപക്ഷെ പരിഹസിച്ചു പറഞ്ഞതാകാം, കാരണം ആ പരീശൻ ക്രിസ്തു ദൈവത്തിന്റെ വക്താ*വല്ല* എന്ന നിഗമനത്തിൽ ആയിരുന്നു (അതായത്, ഒരു പ്രവാചകൻ). [17]കെജെവിയിൽ "പെൻസ്" എന്നാണ്. ചില തർജ്ജിമകളിൽ "ഷില്ലിങ്സ്" എന്നോ അതുപോലെയുള്ള മറ്റു മൂല്യത്തിന്റെ വിലയോ ആണ് ഉള്ളത്. മൂലഗ്രന്ഥത്തിൽ "ദിനാറി" എന്നാണ് ഉള്ളത്. [18]"ഏകദേശം പതിനേഴുസെന്റ് വില" വരുന്നതാണ് ഒരു ദിനാർ എന്ന് വ്യാഖ്യാതാക്കൾ പറഞ്ഞതിൽ അസാധാരണത്വമില്ല, എന്നാൽ ആ വില കണക്കാക്കപ്പെട്ടിരുന്നത് വളരെ കാലം മുൻപ് വേതനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു! നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ വേതനത്തിന് അനുയോജ്യമാക്കുവാൻ അൻപതു ദിനാറും അഞ്ഞൂറുദിനാറും പരിവർത്തനം ചെയ്യുക. [19]യജമാനനായ ഗുരുവിനെ പോലെ, അവൻ തന്റെ ശിഷ്യന്മാരോടു താൻ പഠിപ്പിച്ച സംഭവം വെറുതെ മുഴുവനായി പറയാതെ അതിലെ ധാർമ്മികത പറയുവാൻ ആവശ്യപ്പെട്ടിരുന്നു. അത് പഠനത്തിന് ആവശ്യമായ, ചിന്തയെ പ്രചോദിപ്പിക്കുന്ന രീതിയായിരുന്നു. [20]ഞാൻ വിമർശിച്ച കടം കൊടുക്കുന്നവർ ബൈബിൾ കാലത്തെ സാധാരണ കടം കൊടുക്കുന്നവരെയും അമേരിക്കയിൽ ചില ഭാഗത്തുള്ള പാവങ്ങളെ ചൂഷണം ചെയ്യുന്ന എന്തും ചെയ്യാൻ മടിക്കാത്തവരെയും അടിസ്ഥാനപ്പെടുത്തിയാണ്. നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ സാഹചര്യം അനുസരിച്ച്, തീർച്ചയായും, വാക്കിനു വേണമെങ്കിൽ മാറ്റം വരുത്താം. (പണം കടം കൊടുക്കുന്ന വ്യക്തികളിൽ നിന്ന് ആവശ്യമുള്ള പണം വാങ്ങുന്ന രീതിയുള്ള സ്ഥലത്താകാം നിങ്ങൾ താമസിക്കുന്നത്.) അനുയോജ്യമാണെങ്കിൽ, ഞാൻ വിവരിച്ചതുപോലെയുള്ള കടം കൊടുപ്പുകാരുമായുള്ള ഇടപാടുകൾ നിങ്ങളുടെ ശ്രോതാക്കൾ ഉപേക്ഷിക്കണം എന്നു നിങ്ങൾക്കു മുന്നറിയിപ്പു കൊടുക്കാം.

[21]യേശുവിന്റെ ഉപമകളിൽ, അവൻ സാധാരണ വാസ്തവമായിട്ടുള്ള കാര്യങ്ങളെ കുറിച്ചാണ് പറഞ്ഞിരുന്നത്. അങ്ങനെയാണെങ്കിലും, ചില സന്ദർഭത്തിൽ, അവന്റെ ചിത്രീകരണം ഒരു നിയമമെന്നതിനുപകരം ഒഴികഴിവായിട്ടു പറഞ്ഞിരുന്നു (മത്തായി 20:12 നോക്കുക). [22]ആൽഫ്രെഡ്, ലോർഡ് ടെന്നിസൻ, *ഗെരെയിന്റ് ആന്റ് എനിഡ്*; ക്വോട്ടഡ് ഇൻ ഡബ്ളിയു. എമെരി ബാൺസ്, *ദ ഫൊർഗിവ്നെസ് ഓഫ് ജീസസ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1936), 53. [23]അഡാപ്റ്റഡ് ഫ്രം ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ലൂക്ക്* (ആസ്റ്റിൻ, ടെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1975), 147. [24]ഉപമകളെ കുറിച്ചുള്ള കൂടുതൽ വിശദീകരണം അടുത്ത പുസ്തകമായ, *ക്രിസ്തുവിന്റെ ജീവിതം, 3* ൽ കാണാം. [25]സമാന്തരം–അല്ലാത്ത മറ്റൊന്ന് എന്തെന്നാൽ ശിമോൻ ക്ഷമിക്കപ്പെട്ടു എന്ന് പഠിപ്പിക്കുവാൻ ഒരാൾ ആ ഉപമ എടുക്കരുത് എന്നതാണ് (അൻപതു–ദിനാർ കടപ്പെട്ടവർ?). ഒരു ഉപമയുടെ വിശദാംശങ്ങൾക്കു ഊന്നൽ കൊടുക്കാവുന്നതല്ല. [26]വാരെൻ ഡബ്ളിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം. 1 (വീറ്റൺ, Ill.: വിക്റ്റർ ബുക്സ്, 1989), 198. (എംഫസിസ് ഹിസ്.) [27]വില്യം ബാർക്ക്‌ലേ, *ദ ഗോസ്പെൽ ഓഫ് ലൂക്ക്,* റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1975), 95. [28]അവർ വെറുതെ ആ വാക്കുകൾ വിചാരിച്ചോ അതോ അവർ തമ്മിൽ തമ്മിൽ

മന്ത്രിച്ചോ എന്നു വേദഭാഗം വ്യക്തമാക്കുന്നില്ല. [29]ഒരിക്കൽ കൂടെ, യേശു ദൈവത്തോടുള്ള സമത്വം അവകാശപ്പെടുകയായിരുന്നു (മർക്കൊസ് 2:5–12 നോക്കുക). [30]വാക്യം 50–ൽ "ഇൻ" എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് പ്രിപൊസിഷൻ *എയിസ്* എന്നതാണ്, അതിന്റെ അക്ഷരിക അർത്ഥം "ഇൻടു" എന്നാണ്.

[31]ഞാൻ താമസിക്കുന്ന സ്ഥലത്തുള്ള പ്രയോഗം "ആദ്യം, നിങ്ങൾ ഹൃദയപൂർവ്വം സ്വാഗതം ചെയ്യണം" എന്നാണ്.